(ബി) സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരെയും പുതിയ തലമുറയിലെ സിനിമാ സംരംഭകരെയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്കീമിൽ രണ്ടു ലക്ഷം രൂപ അടച്ച് എഗ്രിമെന്റ് വച്ചാൽ സിനിമയുടെ ഷൂട്ടിംഗിന് ആവശ്യമായ യൂണിറ്റ്, ലൈറ്റുകൾ, പോസ്റ്റ് പ്രൊഡക്ഷൻ വർക്കിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാണ്. ഇതിനുശേഷം പടം സെൻസർ ചെയ്ത് പ്രദർശനത്തിന് തയ്യാറാക്കുകയും ചെയ്യാം. ഇങ്ങനെ ചിത്രാഞ്ജലിയുടെ സ്കീമിൽ ഇവിടത്തെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന പടങ്ങൾക്കും (ഡിജിറ്റൽ) നിലവിൽ അഞ്ചു ലക്ഷം രൂപ സബ്സിഡി നല്കുന്നുണ്ട്. ഇതുകൂടാതെ ഇന്ത്യൻ പനോരമ സെലക്ഷൻ, ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്ക് അധികമായി രണ്ടു ലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. മികച്ച രണ്ടാമത്തെ അവാർഡ് ലഭിച്ച ചിത്രാഞ്ജലി ചിത്രങ്ങൾക്കും ഒരു ലക്ഷം രൂപ അധികമായി സബ്സിഡി നൽകുന്നുണ്ട്. നിർമ്മാതാക്കളെ സഹായിക്കാനായി ഇക സ്റ്റുഡിയോ ബില്ലിൽ പൂർണ്ണമായും അഡ്ജസ്റ്റ് ചെയ്യാറുണ്ട്.

(സി) പൈറസി അടക്കമുള്ള സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളിൽ, സിനിമാരംഗത്തെ സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട്, പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്

191(5780) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയെത്തിയെന്നു വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോകളിൽ നിന്നും, സബ്ഡിപ്പോകളിൽ നിന്നും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) കൊയിയൻ സർവ്വീസിനുള്ള ചാർജ്ജുകൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന പാഴ്സലുകൾ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊറിയർ/പാഴ്സൽ സർവ്വീസിനുവേണ്ടി 16-3-2015-ൽ നടന്ന ലേലം ടെണ്ടർ നടപടിയിൽ മതിയായ യോഗ്യത നേടിയ M/s. Trackon Couriers എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകുകയും 7-7-2015-ൽ ഈ പദ്ധതി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) കൊറിയർ സർവ്വീസിന്റെ ചാർജ്ജുകൾ നിശ്ചയിക്കുന്നത് മാർക്കറ്റ് റേറ്റ് അനുസരിച്ച് ലൈസൻസ് നേടിയിട്ടുള്ള കമ്പനിയാണ് (M/s. Trackon Couriers Pvt. Ltd.) കെ.എസ്.ആർ.ടി.സി.-യുമായി റവന്യൂ ഷെയറിംഗ് രീതിയിലാണ് ടി സംരംഭം ആരംഭിച്ചിരിക്കുന്നത്. ആയതിനാൽ റേറ്റ് അനുസരിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) കൊറിയർ/പാഴ്സൽ സർവ്വീസ് മുഖേന അയയ്ക്കുന്ന പാഴ്സലുകൾ വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ലൈസൻസിയ്ക്കാണ് (M/s. Trackon Couriers Pvt. Ltd.). കെ.എസ്.ആർ.ടി.സി. ബസുകളിലെ കൊറിയർ ബോക്സ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബുക്കിംഗ് കേന്ദ്രം മുഖേനാണ് ടി ഏജൻസി പാഴ്സലുകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്നത്.

കെ.എസ്.ആർ.ടി.സി. പെൻഷൻ

192(5781) ശ്രീ. എളമരം കരീം:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിട്ടയർ ചെയ്തവർ പെൻഷൻ ലഭിക്കാതിരുന്നതുമൂലം ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) റിട്ടയർ ചെയ്തവർക്ക് അർഹമായ പെൻഷൻ യഥാസമയം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ; അവ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രതിമാസം പെൻഷൻ നൽകുന്നതിനാവശ്യമായ തുക എത്ര ; ഇത് ഉറപ്പാക്കുന്നത് ഏതെല്ലാം വിധത്തിലൂടെയായിരിക്കും എന്ന് വിശദമാക്കാമോ ?